# നിയമവിരുദ്ധമായി പിരിച്ചുവിട്ട തൊഴിലാളിയെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണം

**ഡൽഹി ഹൈക്കോടതി**

W.P. (C) No. 7185/2018 Dt. 12.12.2019

മൻവീർ സിങ്
x
മോഹൻ നേഴ്സിങ് ഹോം ഏന്റ്
ഹോസ്പിറ്റൽ

ഓഫീസ് സഹായി എന്ന തസ്തികയിൽ 2001–ലാണ് തൊഴിലാളി ആശുപത്രിയിൽ നിയമിതനായത്. പ്രതിമാസം 6500 രൂപയാണ് മേനേജ്മെന്റ് അയാൾക്ക് വേതനമായി നല്കിയത്. അയാൾക്ക് രേഖാമൂലം നിയമനോത്തരവ് നല്കിയിരുന്നില്ല. അപ്രകാരമിരിക്കെ 2011 സെപ്റ്റംബർ 17–ാം തീയതി മുതൽ അയാൾ ജോലിക്ക് ഹാജരായില്ല. തൊഴിലാളിയുടെ തുടർച്ചയായ അസാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ട മേനേജ്മെന്റ് മറ്റൊരു ജോലിക്കാരനെ തൊഴിലാളിയുടെ വീട്ടിലേക്ക് പറഞ്ഞയക്കുകയും ജോലിക്ക് ഹാജരാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എങ്കിലും തൊഴിലാളി ജോലിക്ക് ഹാജരായില്ല. അതിനാൽ മേനേജ്മെന്റ് അയാളുടെ പേര് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്തു. ആറ് മാസം കഴിഞ്ഞപ്പോൾ തന്നെ തിരിച്ചെടുക്കണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടെങ്കിലും മേനേജ്മെന്റ് അത് അനുവദിച്ചില്ല. തുടർന്ന് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. തന്നെ ടെക്നീഷ്യൻ എന്ന തസ്തികയിൽ 1984–ലാണ് നിയമിച്ചതെന്നും 2011–ൽ തന്നെ അകാരണമായി വാക്കാൽ പിരിച്ചുവിട്ടുവെന്നും പ്രതിമാസം 9500 രൂപയായിരുന്നു തന്റെ വേതനമെന്നും തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടും മേനേജ്മെന്റ് പ്രതികരിച്ചില്ലെന്നും മറ്റും തൊഴിലാളി ആരോപിച്ചു. തൊഴിലാളി ജോലി സ്വയം ഉപേക്ഷിച്ചുപോയതാണെന്നും ജോലിക്ക് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടും അയാൾ ജോലിയിൽ പ്രവേശിച്ചില്ലെന്നും എപ്പോൾ വേണമെങ്കിലും അയാളെ തിരിച്ചെടുക്കാൻ തയ്യാറാണെന്നും മറ്റും മേനേജ്മെന്റ് ലേബർ കോടതിയിൽ ബോധിപ്പിച്ചു. തൊഴിലാളിയുടെ അവകാശവാദങ്ങൾ തെളിയിക്കുന്നതിന് യാതൊരു തെളിവുകളും ഹാജരാക്കിയിട്ടില്ലെന്ന കാരണം ചൂണ്ടിക്കാട്ടി തൊഴിലാളി സ്വയം ജോലി ഉപേക്ഷിച്ചതാണെന്ന് വിലയിരുത്തിയ ലേബർ കോടതി വ്യവസായ തർക്കം മേനേജ്മെന്റിന് അനുകൂലമായി തീർപ്പാക്കി. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഒന്നേകാൽ ലക്ഷം രൂപ നഷ്ടപരിഹാരമായി തൊഴിലാളിക്കു നല്കി തർക്കം ഒത്തുതീർപ്പാക്കാമെന്ന് മേനേജ്മെന്റ് വാഗ്ദാനം ചെയ്തെങ്കിലും തന്നെ തിരിച്ചെടുക്കണമെന്ന ആവശ്യത്തിൽ തൊഴിലാളി ഉറച്ചുനിന്നു. തൊഴിലാളി ജോലി സ്വയം ഉപേക്ഷിച്ചതാണെന്ന വാദം തെളിയിക്കാൻ മേനേജ്മെന്റിന് സാധിച്ചിട്ടില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ജോലിക്ക് ഹാജരാകാതിരുന്ന തൊഴിലാളിയോട് ജോലിക്ക് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് രേഖാമൂലം നോട്ടീസ് നല്കിയില്ലെന്നും അയാളുടെ വീട്ടിലേക്ക് പറഞ്ഞയച്ച സഹ–ജോലിക്കാരനെ സാക്ഷിയായി വിസ്തരിക്കാതിരുന്നതിന് യാതൊരു കാരണവും മേനേജ്മെന്റ് ബോധിപ്പിച്ചിട്ടില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു. തൊഴിലാളി ജോലി സ്വയം ഉപേക്ഷിച്ചതല്ലെന്നും അയാളെ മേനേജ്മെന്റ് നിയമവിരുദ്ധമായി പിരിച്ചുവിട്ടതാണെന്നും വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി റദ്ദാക്കുകയും തൊഴിലാളിയെ രണ്ട് ആഴ്ചക്കുള്ളിൽ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കുകയും രണ്ടാഴ്ചക്കുള്ളിൽ തിരിച്ചെടുത്തില്ലെങ്കിൽ തിരിച്ചെടുക്കുന്നതുവരെ പൂർണ്ണ വേതനം നല്കാൻ മേനേജ്മെന്റ് ബാധ്യസ്ഥമാണെന്ന് വ്യക്തമാക്കുകയും ചെയ്തു.